# കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# വരാപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെഎസ്എ-ഇകെഎം (പി 13)2166/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി : 01.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വരാപ്പുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വരാപ്പുഴ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-
1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെഎസ്എ-ഇകെഎം (പി 13)2166/2018 തീയതി : 01.12.2018

## എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1/4/2017 മുതൽ 31/3/2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ജയ സി. ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.10.2018 മുതൽ 27.10.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പോളി ടി.ഒ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സജീവ് എൻ.എം, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. കവിത.എസ്.കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ബെറ്റ്സി.സി.എക്സ്. ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.എസ്.മുഹമ്മദ് | 01.04.17 മുതൽ 31.3.18 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി. കൊച്ചുറാണി ജോസഫ് | 01.04.17 മുതൽ 31.3.18 വരെ |
| സെക്രട്ടറി | ശ്രീമതി. മഞ്ജുള.ആർ | 01.04.17 മുതൽ 16.11.17 വരെ |
| | ശ്രീ. പി.വി.ഷെരീഫ്. (ഫുൾ അഡി.ചാർജ്ജ്) | 17.11.17 മുതൽ 08.07.17 വരെ |
| | ശ്രീമതി. മഞ്ജുള.ആർ | 09.07.17മുതൽ 31.03.18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ജാസ്മിൻ മോൾ ടി.കെ | 01.04.2017 മുതൽ 03.10.2017 വരെ |
| | ശ്രീമതി.സൈനബ ബീവി.കെ.പി | 04.10.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷെരീഫ്.പി.വി. | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ നമിത നായക് | 01.04.2017മുതൽ 31.3.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ബിന്ദു.സി.എസ്. | 01.04.2017മുതൽ 10.07.2017വരെ |
| | ശ്രീമതി.ഷെറോൺ ഫെർണാണ്ടസ് | 11.07.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ (CHC) | ഡോ.സെലിൻ ടെൻസി | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സൗമ്യ രമേഷ് | 01.04.2017മുതൽ 08.08.2017 വരെ |
| | ഡോ.സാജു.എൻ.രാജൻ | 09.08.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (പുത്തൻപള്ളി) | ശ്രീമതി. റിയ ജോർജ്ജ് | 01.04.2017 മുതൽ 31.03.2018വരെ |
| വി.ഇ.ഒ (വരാപ്പുഴ) | ശ്രീ.ഗിരി.എം.ആർ | 01.04.2017മുതൽ 29.06.2017വരെ |
| | ശ്രീമതി.റിനി.സി.എം | 30.06.2017മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സിനി.എ | 01.04.17മുതൽ 31.03.2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഷൈജ എം.കുമാർ | 01.04.2017മുതൽ 17.06.2017വരെ |
| | ശ്രീ.സുനിൽകുമാർ.എം.ബി | 18.06.2017മുതൽ 13.09.2017വരെ |
| | ശ്രീമതി.രശ്മി രാമചന്ദ്രൻ | 14.09.2017മുതൽ 31.03.2018വരെ |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ, വരാപ്പുഴ | ശ്രീ.ആൽബി.കെ.എൽ | 01.04.2017മുതൽ 31.03.2018വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച്സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം(R&P പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 |
| | ഭാഗം 2 | |
| 14 | വസ്തുനികുതി ഈടാക്കിയതിൽ കുറവ് - 19716/-രൂ. | 2-1 |
| | ഭാഗം 3 | |
| 15 | അംഗൻ വാടികളുടെ വാടക നൽകിയത്-അപാകത | 3-1 |
| 16 | പാലിയേറ്റീവ് കെയർ മാർഗരേഖക്ക് വിരുദ്ധമായി സാധനങ്ങൾ വാങ്ങിയത് | 3-2 |
| 17 | അംഗീകൃതമല്ലാത്ത ബില്ലിന് ചെലവ് തുക നൽകി-തുക തടസപ്പെടുത്തുന്നു. | 3-3 |
| 18 | കൽവർട്ട് പണിയുന്നത് - ആവശ്യകത വ്യക്തമല്ല. | 3-4 |
| 19 | ചട്ടിയിൽ പച്ചക്കറി കൃഷി (വനിത)-അപാകത | 3-5 |
| 20 | കുടിവെള്ള കണക്ഷൻ ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-6 |
| 21 | വളർത്ത് നായ്ക്കൾക്ക് ലൈസൻസ് ടോക്കൺ-വിതരണം പൂർത്തിയായില്ല. | 3-7 |
| 22 | സബ് സിഡി മാർഗ്ഗരേഖ നിർദ്ദേശം പൂർണമായി പാലിച്ചില്ല | 3-8 |
| 23 | കോൺക്രീറ്റിംഗ് സംരക്ഷണ ഭിത്തി നിർമ്മിച്ചത്-ആവശ്യകത വ്യക്തമല്ല | 3-9 |
| 24 | മെറ്റീരിയൽസിന് നിരക്ക് അധികം നൽകിയത്-സംബന്ധിച്ച് | 3-10 |
| 25 | പശു വിതരണം പദ്ധതി-അപാകത | 3-11 |
| 26 | മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകത | 3-12 |
| | ഭാഗം 4 | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 34 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 38 | അക്കൌണ്ട്സ് ബാലൻസ് ഷീറ്റ് | അനുബന്ധം-2 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.3.2017 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 21.02.2018 തിയതിയിലെ 12ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 15.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 12.06.2018 മുതൽ 13.06.2018 വരെ | നം.കെ.എസ്.എ-ഇ.കെ.എം(പി.ജി) 1786(79)/18 തീയതി 30.08.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8469265.80 |
| വരവ് | 69716938.00 |
| ആകെ | 78186203.80 |
| ചെലവ് | 60772498.00 |
| നീക്കിയിരിപ്പ് | 17413705.80 |

## 1-5 ഫണ്ട് വിനിയോഗം ( അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി | ചെലവഴിക്കാത്ത |
|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | തുക |
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 12451000 | 12451000 | 11150409 | 1300591 | 1300591 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1835878 | 1835878 | 1688101 | 147777 | 147777 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 17992 | 17992 | - | 17992 | 17992 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 13224990 | 13224990 | 12052681 | 1172309 | 1172309 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2802000 | 2802000 | 1798814 | 1003186 | 1003186 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6047787 | 6047787 | 6047787 | 00 | - |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 3185090 | 3185090 | 3107851 | 77239 | 77239 |
| സാക്ഷരത | | 3120 | 120 | 3240 | 0 | 3240 | |
| ദുരിതാശ്വാസനിധി | | 5720 | 103 | 5823 | 4000 | 1823 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 8751657 | 8751657 | 8751657 | - | |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 5099 | 340687 | 345786 | 344442 | 1344 | |
| സമ്പൂർണ്ണ ശുചിത്വ പരിപാലനം | | 1206000 | 1678228 | 2884228 | 1251228 | 1633000 | |
| ഐ.സി.ഡി.എസ് | | 156 | 585894 | 586050 | 99841 | 486209 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ടിഎസ്ബി) | ബ്ലോക്ക് പഞ്ചായത്ത് | 1000000 | 2195000 | 3195000 | 1295000 | 1900000 | |
| | ജില്ലാ പഞ്ചായത്ത് | 0 | 5800000 | 5800000 | 200000 | 5600000 | |
| ബി ഫണ്ട് | | 0 | 249465 | 249465 | 249465 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി അക്കൗണ്ട്) | | 1364522 | 9357643 | 10722165 | 6250750 | 4471415 | |
| തനത് ഫണ്ട് (വരാപ്പുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്) | | 4186539.80 | 13617823 | 17804362.80 | 15208235 | 2596127.80 | |
| ബാങ്ക് അക്കൗണ്ട്-കോർപ്പറേഷൻ ബാങ്ക്, വരാപ്പുഴ | | 1209000 | 213428 | 334328 | 307837 | 26491 | |
| എസ്.ബി.ഐ. വരാപ്പുഴ | | 0 | 271406 | 271406 | 176172 | 95234 | |
| മറ്റിനം-കോർപ്പറേഷൻ ബാങ്ക് വരാപ്പുഴ | | 87132 | 3359 | 90491 | 0 | 90491 | |

| | | | | | | |
|---|---|---|---|---|---|---|
| പെൻഷൻ | | | | | | |
| മറ്റിനം-എസ്.ബി.ഐ. വരാപ്പുഴ (ജനകീയഭവനം) | 32260 | 1201 | 33461 | 0 | 33461 | |
| മറ്റിനം-എസ്.ബി.ഐ. വരാപ്പുഴ(ബി.എസ്.യു.പി) | 457817 | 17053 | 474870 | 0 | 474870 | |
| ആകെ | 8469265.80 | 82647804 | 91117069.80 | 69984270 | 17413705.80 | 3719094 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 149 | 65266912 | 138 | 39992849 | 21 | 11 | 79 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5099 | 340687 | 345786 | 344442 | 1344 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 8751657 | 8751657 | 8751657 | 0 |
| ആകെ | 5099 | 9092344 | 9097443 | 9096099 | 1344 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9600 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 3476200 | 291 |
| വിധവാപെൻ ഷൻ | 12429600 | 1045 |
| വാർദ്ധക്യകാല പെൻഷൻ | 23506500 | 1926 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3522600 | 304 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധന സഹായം | 615700 | 52 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായം | 150000 | 5 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26/10/2018, 3.00.പി.എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 10565/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. നികുതിപിരിവിന്റെ കാര്യക്ഷമത വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളാണ് നടത്തുന്നത്. ആസ്തി രജിസ്റ്ററിൽ റോഡുകളുടെ വിവരങ്ങൾ പ്രത്യേകം എഴുതി സൂക്ഷിക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ പരിപാലനത്തിൽ താഴെപ്പറയുന്ന പോരായ്മകൾ കാണുന്നു.

1. കോടതി വ്യവഹാരങ്ങൾ സംബന്ധിച്ച വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും വക്കീൽ ഫീസ് നൽകുന്നതിന്റെ വിവരങ്ങൾ ടി രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.
2. ഡി&ഒ ലൈസൻസ് നൽകുന്നതിന് സ്ഥാപനങ്ങളുടെ വിവരങ്ങൾ ചേർത്തുള്ള രജിസ്റ്റർ, ഫീൽഡ് പരിശോധന രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.
3. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി അടക്കുന്നതിന് ബാദ്ധ്യതയുള്ളവരുടെ പേര് വിവരം ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. വസ്തു നികുതി പിരിക്കുന്നതിന് നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിക്കുന്ന വിവരങ്ങൾ ഫാറം-10 പ്രകാരമുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

പഞ്ചായത്ത് മുൻകാലങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച ചെക്കുകളിൽ ചിലത് കാലാവധി കഴിഞ്ഞ ശേഷവും പണം പിൻവലിക്കാതെ കാലഹരണപ്പെട്ട് പോയിട്ടുണ്ട്. ടി തുകകൾ നിയമാനുസൃണം പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ വരവ് വെയ്ക്കാവുന്നതാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| ചെക്ക് നമ്പർ/തീയതി | തുക | റിമാർക്ക്സ് |
|---|---|---|
| 019683/04.05.13 | 800 | എ.ഇ (ITTDS Filling) |
| 31575/11.06.13 | 250 | ദേവദാസ്. (റീഫണ്ട് എസ്.ഡി) |
| 31625/03.07.13 | 60 | ബാലാജിഹാർഡ് വയേഴ്സ് |
| 33592/25.03.14 | 500 | ജോൺസൺ.കെ.ജെ (റീഫണ്ട് എസ്.ഡി) |
| 21094/30.07.14 | 199 | സുനീഷ്.ക. |
| 35971/13.05.16 | 13358 | അൽ ഹൈവേ പെട്രോൾ |
| 36039/20.08.16 | 500 | മരിയ |
| 39071/20.08.16 | 500 | കാനോൺ ഡിജിറ്റൽ സ്റ്റുഡിയോ |
| 39071/20.08.16 | 350 | കാനോൺ ഡിജിറ്റൽ സ്റ്റുഡിയോ |
| 41809/04.07.17 | 500 | കാനോൺ ഡിജിറ്റൽ സ്റ്റുഡിയോ |

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 11.10.2018 | ആഗസ്റ്റ് 2018 | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.09.2016 | 2011-12മുതൽ 2015-16 വരെ | 26.10.2016 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ ഒഴികെ മറ്റ് അപാകതകൾ ഇല്ല.

## 1-13 ഓഡിറ്റ് ഇംപാക്ട്

2017-18 വർഷത്തെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുക 500/- രൂപ ഓഡിറ്റ് എൻക്വയറി -3 നൽകിയതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കും പ്രകാരം അടച്ചു.

| രസീത് നം. | തീയതി | തുക |
|---|---|---|
| 118030400008 | 24.08.18 | 250/-രൂപ |
| 118030103328 | 26.10.18 | 250/- രൂപ |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി ഈടാക്കിയതിൽ കുറവ് - 19716/-രൂ.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് വിഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവ് പ്രകാരം വരാപ്പുഴ ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിനുള്ള വിജ്ഞാപനത്തിൻ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും, വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, നികുതിനിർണ്ണയ രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 50 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 30 രൂപ നിരക്കിൽ നികുതി ഈടാക്കുകയും ആണ് ചെയ്തിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | വാർഡ് നം/ കെട്ടിട നം | വിസ്തൃതി (പ്ലിന്ത് ഏരിയ ച. മീ.) | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി 50 രൂപ നിരക്കിൽ (വർദ്ധനവ്-ഇളവ്, ഗ്രന്ഥശാല വരി ഉൾപ്പെടെ) | നിർണ്ണയിച്ച നികുതി 30 രൂപ നിരക്കിൽ (വർദ്ധനവ് -ഇളവ്, ഗ്രന്ഥശാല വരി ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|---|---|
| 1 | 1. പോൾ ബാവേലി, ബാവേലിൽ ചിറയ്ക്കകം. 2. റോയ് കെ.പി., കൊക്കൻ, അവനാശ്ശേരി, പെരിഞ്ചേരി. | 14 464/I | 22.543 | 1352 | 811 | 541 |
| 2 | ,, | 14 464/K | 22.5 | 1349 | 809 | 540 |
| 3 | ,, | 14 464/J | 22.543 | 1352 | 811 | 541 |
| 4 | ,, | 14 464/H | 22.543 | 1352 | 811 | 541 |
| 5 | ,, | 14 464/G | 16.08 | 1013 | 608 | 405 |
| 6 | ,, | 14 464/P | 20.843 | 1250 | 750 | 500 |
| 7 | ,, | 14 464/N | 34.693 | 2079 | 1247 | 832 |
| 8 | ,, | 14 464/M | 22.543 | 1352 | 811 | 541 |
| 9 | ,, | 14 464/F | 25.63 | 1617 | 970 | 647 |
| 10 | ,, | 14 464/E | 17.78 | 1124 | 674 | 450 |
| 11 | ,, | 14 464/D | 17.79 | 1124 | 674 | 450 |
| 12 | ,, | 14 464/C | 17.79 | 1124 | 674 | 450 |
| 13 | ,, | 14 464/B | 17.79 | 1124 | 674 | 450 |
| 14 | ,, | 14 464/A | 17.79 | 1124 | 674 | 450 |
| 15 | കുഞ്ഞുകുഞ്ഞ് എന്ന അഗസ്റ്റിൻ, ഓടത്തയ്ക്കൽ വീട്, | 3 429/E | 42.42 | 4234 | 2540 | 1694 |

| | | | | | | |
|---|---|---|---|---|---|---|
| | ചിറയ്ക്കകം സൗത്ത് | | | | | |
| 16 | ,, | ,, 429/F | 29.9 | 2985 | 1791 | 1194 |
| 17 | ,, | 429/G | 22.17 | 2215 | 1329 | 886 |
| 18 | ,, | 429/H | 22.16 | 2214 | 1328 | 886 |
| 19 | ,, | 429/I | 22.16 | 2214 | 1328 | 886 |
| 20 | സന്തോഷ് കുമാർ, പീച്ചാംപറമ്പ്, തുണ്ടത്തുംകടവ് | 13 71/O | 24.9 | 1494 | 896 | 598 |
| 21 | ” | 71/N | 19.2 | 1152 | 691 | 461 |
| 22 | ” | 71/M | 18.3 | 1099 | 659 | 440 |
| 23 | ” | 71/L | 18.3 | 1099 | 659 | 440 |
| 24 | ” | 71/K | 18.3 | 1099 | 659 | 440 |
| 25 | ” | 71/.. | 32.7 | 1960 | 1176 | 784 |
| 26 | ” | 71/... | 30 | 1797 | 1078 | 719 |
| 27 | ജിജി ജൂഡ്, ആലപ്പാട്ട്, എടമ്പാടം | 129/A | 117.05 | 7375 | 4425 | 2950 |
| | | | | | ആകെ | 19716 |

നഷ്ടതുക 19716/- രൂപ ഉത്തരവാദികളിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

സമാനമായ രീതിയിൽ വേറെയും വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ അവയുടെ നികുതി ഉയർന്ന നിരക്കിൽ പുനർനിർണ്ണയിക്കാനുള്ള നടപടി കൂടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അംഗൻ വാടികളുടെ വാടക നൽകിയത്-അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0033/17-18 |
| പ്രോജക്ടിന്റെ പേര് | അംഗൻവാടി കേന്ദ്രങ്ങൾക്ക് വാടക |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 40000 |
| ചെലവ് വിവരം | 38100/-രൂപ (ബിൽ നമ്പർ-16 തീയതി.15.03.18) |

വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി 27 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 15 എണ്ണം വാടക കെട്ടിടത്തിലാണ് സ്ഥിതിചെയ്യുന്നത്. വിവിധ അംഗൻ വാടികളുടെ വാടക ഇനത്തിൽ 38100/- രൂപ 2017-18 വർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. ഇവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-2 പാലിയേറ്റീവ് കെയർ മാർഗരേഖക്ക് വിരുദ്ധമായി സാധനങ്ങൾ വാങ്ങിയത്

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പാലിയേറ്റീവ് കെയർ (127/18) പദ്ധതിക്കായി 7 ലക്ഷം രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. (5ലക്ഷം - പ്ലാൻ ഫണ്ട്, 2 ലക്ഷം-ബ്ലോക്ക് വിഹിതം). മേൽ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1. പദ്ധതിയുടെ കീഴിൽ രോഗികൾക്ക് ആവശ്യമായ വിവിധ ഉപകരണങ്ങൾ (വീൽ ചെയർ-4എണ്ണം, വാക്കിംഗ് സ്റ്റിക്ക്- 4എണ്ണം, വാക്കർ- 4 എണ്ണം, സ്ററീൽ അലമാര-1എണ്ണം, ഓഫീസ് ടേബിൾ- 1എണ്ണം, ചെയർ- 1എണ്ണം ) വാങ്ങിയതിലേക്ക് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന് 83500/- രൂപ (ബിൽ.നം. 3/17-18 തീയതി 30.1.18 തുക 110280/- )നൽകിയിട്ടുണ്ട്. തദ്ദേ.സ്വ.ഭ.വകുപ്പിന്റെ 6.1.18 ലെ 56/18 നമ്പർ ഉത്തരവ് പ്രകാരം വീൽ ചെയർ, വാക്കിംഗ് സ്റ്റിക്ക്, വാക്കർ, എയർ ബെഡ് പോലെ വീണ്ടും ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ, തദ്ദേശ.സ്ഥാപനത്തിന്റെ/ആരോഗ്യകേന്ദ്രത്തിന്റെ ഉടമസ്ഥതയിൽ ആവശ്യമനുസരിച്ച് വാങ്ങി രോഗികൾക്ക് നൽകാവുന്നതാണെങ്കിലും ആയതിൽപ്പെടുത്തി ഫർണിച്ചർ വാങ്ങുവാൻ നിർദ്ദേശമില്ല. രോഗികൾക്ക് അവശ്യം വേണ്ട സാധനങ്ങൾക്ക് പകരം ഇപ്രകാരം ഫർണിച്ചർ വാങ്ങാനിടയായതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.2/17.10.18) മറുപടി ലഭിച്ചില്ല. ഭാവിയിൽ സർക്കാർ ഉത്തരവിനനുസൃതമായി പദ്ധതി വിഹിതം ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. ബിൽ.നം. 7/17-18പ്രകാരം 37998/-രൂപ അഡൾട്ട് ഡയപ്പർ വാങ്ങുവാനും (തീയതി 13.3.18 തുക 68408/-) ചെക്ക്.നം. 2298331 (തീയതി 15.2.18, ബ്ലോക്ക് വിഹിതം) പ്രകാരം 2,00,000/-രൂപ മരുന്നുകൾ വാങ്ങുവാനും ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ലഭിച്ചിട്ടില്ല. ആയത് മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാവുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. 29.10.15 ലെ G.O (RT) 3217/15 നമ്പർ മാർഗ്ഗരേഖ (പാലിയേറ്റീവ് കെയർ 2015) ഖണ്ഡിക - 2.3.2 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ (ഗൃഹ സന്ദർശന ഷെഡ്യൂൾ) തയ്യാറാക്കി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മിനിട്ട്സ് ബുക്ക് പരിശോധിച്ചതിൽ 2017-18 വർഷം ആകെ ഒരു പ്രാവശ്യം (1.11.17) മാത്രമേ പി.എം.സി യോഗം ചേർന്നതായി കാണുന്നുള്ളൂ. ചട്ടപ്രകാരം എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പായി കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവഹണം വിലയിരുത്തേണ്ടതാണ്.

## 3-3 അംഗീകൃതമല്ലാത്ത ബില്ലിന് ചെലവ് തുക നൽകി-തുക തടസപ്പെടുത്തുന്നു.

2017-18 സാമ്പത്തിക വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ തൻവർഷം പഞ്ചായത്തിലെ വിവിധ ഇലക്ട്രിക്കൽ പ്രവൃത്തി ചെയ്ത മിഥുൻ, പള്ളിത്തറക്കും വരാപ്പുഴ മുട്ടിനകം തുടർവിദ്യാഭ്യാസ കേന്ദ്രത്തിലേക്ക് ഫാൻ വാങ്ങിയതിന് സാക്ഷരത പ്രേരക് ആയ ടി.എ.റംലത്തിനും താഴെപ്പറയും

പ്രകാരം (material +labour costഉൾപ്പെടെയുള്ള )തുകകൾ നൽകിയിട്ടുണ്ട്.എന്നാൽ ഇതിന് മേൽ വ്യക്തികൾ ഹാജരാക്കിയ ബില്ലുകൾ അംഗീകരിക്കാവുന്നതല്ല.സ്ഥാപനത്തിന്റെ പേര്, ഉടമയുടെഒപ്പ്, സ്ഥാപനത്തിന്റെ സീൽ, ബിൽ.നം, തീയതി, നികുതി നിരക്കുകൾ, എന്നിവയൊന്നും തന്നെ രേഖപ്പെടുത്താത്ത ബില്ലുകളാണ് പേയ്മെന്റിനായി സമർപ്പിച്ചിരിക്കുന്നത്. ആയതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം-7/25.10.18) മറുപടി ലഭ്യമാക്കിയില്ല.അംഗീകൃതമല്ലാത്ത ബില്ലിന്റെ അടിസ്ഥാനത്തിൽ നൽകിയ സാധനങ്ങളുടെ ചെലവ് തുക (7445/-രൂപ:2035+2154+900+2356) ഇതിനാൽ തടസപ്പെടുത്തുന്നു.വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

1.മിഥുൻ, പള്ളിത്തറ

| | |
|---|---|
| വൗച്ചർ നം - 21700220 തീയതി - 29.5.17 തുക - 4835/- | NRHMഹോമിയോ ഡിസ്പെൻസറിയിലേക്കും NREGSഓഫീസിലേക്കും സോളാർ ലൈൻ വലിച്ചതിന്റെ ചെലവ് തുക.<br>2035/- - സാധനങ്ങൾ<br>2800/- - പണിക്കൂലി |

.

| | |
|---|---|
| വൗച്ചർ നം – 21700698 തീയതി - 13.10.17 തുക - 4654/- | NRHMഹോമിയോ ഡിസ്പെൻസറിയിലേക്കും NREGSഓഫീസിലേക്കും കമ്പ്യൂട്ടർ പോയിന്റ് സ്ഥാപിച്ചതിന്റെ ചെലവ് തുക.<br>2154/- - സാധനങ്ങൾ<br>2500/- - പണിക്കൂലി |

.

| | |
|---|---|
| വൗച്ചർ നം - 21700699 തീയതി - 13.10.17 തുക - 1700/- | പ്രസിഡന്റിന്റെ മുറിയിൽ ഇലക്ട്രിക്കൽ വർക്ക് നടത്തിയതിന്റെ ചെലവ് തുക.<br>900/--സാധനങ്ങൾ<br>800/- - പണിക്കൂലി |

2. ടി.എ.റംലത്ത്

| | |
|---|---|
| വൗച്ചർ നം - 21700201 തീയതി - 22.5.17 തുക - 3206/- | വരാപ്പുഴ മുട്ടിനകം തുടർവിദ്യാഭ്യാസ കേന്ദ്രത്തിലേക്ക് ഫാൻ വാങ്ങിയതിന് ഫിറ്റിംഗ് ചാർജ്ജുൾപ്പെടെ നൽകിയതുക<br>2356/- സാധനങ്ങൾ<br>850/- പണിക്കൂലി |

## 3-4 കൽവർട്ട് പണിയുന്നത് - ആവശ്യകത വ്യക്തമല്ല

കൽവർട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായി കൽവർട്ടിന്റെ അടിയിൽ ഫൌണ്ടേഷൻ നിർമ്മിക്കുന്നതിനുവേണ്ടി ആദ്യം മണ്ണിൽ coconut piles അടിച്ച് അതിന് മുകളിൽ 15 cm കനത്തിൽ ക്വാറി മക്ക് ഫില്ല് ചെയ്ത് വീണ്ടും 45 cm കനത്തിൽ കരിങ്കല്ല് വിരിച്ച് അതിന് മുകളിൽ 20 cm കനത്തിൽ കോൺക്രീറ്റിംഗ് (1:3:6 40mm metal) ചെയ്ത് വീണ്ടും അതിന് മുകളിൽ 30 cm കനത്തിൽ പ്രബലിത

കോൺക്രീറ്റിംഗ് (1:1.5:3 20mm metal) ചെയ്യുന്നു. (പ്രബലിത കോൺക്രീറ്റിംഗ് 1m3 ന് 130 കിലോ കമ്പിയാണ് ഉപയോഗിക്കുന്നത്. ചിലപ്രബലിത കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് 140 കിലോ കമ്പിയാണ് ഉപയോഗിക്കുന്നത്). കൽവർട്ടിന്റെ നീളം 5.7 മീറ്ററും വീതി 3.8 മീറ്ററുമാണ്.

ഇപ്രകാരം ഫൌണ്ടേഷൻ പണിയുന്നതിന് വലിയ ചെലവാണ് വരുന്നത് .

ഇതിന്റെ ആവശ്യകത പരിശോധിച്ച് മറുപടി നൽകേണ്ടതാണ്.

1. project No. S 0091/18- MB – 32/16-17 ആകെ ചെലവ് 4,15,084/- രൂപ
2. project No. S 0105/18- MB – 58/16-17

ഇത് സംബന്ധിച്ചുള്ള (നം.10/25.10.18) ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ മണ്ണിന്റെ ഘടന അനുസരിച്ചാണ് ഫൗണ്ടേഷൻ പണിതത് എന്നാണ് അറിയിച്ചത്. ഇത് സംബന്ധിച്ച് കൂടുതൽ സാങ്കേതിക പരിശോധനയ്ക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-5 ചട്ടിയിൽ പച്ചക്കറി കൃഷി (വനിത)-അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0131/17-18 |
| പ്രോജക്ടിന്റെ പേര് | ചട്ടിയിൽപച്ചക്കറി കൃഷി (വനിത) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫിസർ |
| അടങ്കൽ | 441000 |
| ചെലവ് വിവരം | 220500/-രൂപ (ബിൽ നമ്പർ - 02 തീയതി.27.01.18)<br>220500/- ഗുണഭോക്തൃ വിഹിതം<br>ആകെ 441000 |

വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ചട്ടിയിൽപച്ചക്കറി കൃഷി (വനിത) എന്ന പ്രോജക്ടിൽ 194 ഗുണഭോക്താക്കൾക്ക് 3150 ചട്ടികൾ പച്ചക്കറി വിത്ത് ഉൾപ്പെടെ നൽകിയിരുന്നു.ഇതിനായി ഒരു മൺചട്ടിക്ക് 140/- രൂപ നിരക്കിൽ 441000/-രൂപ ആലങ്ങാട് കാർഷിക സേവന കേന്ദ്രത്തിന് നൽകിയിരുന്നു. 50% പ്ലാൻ ഫണ്ടിൽ നിന്നും 50% ഗുണഭോക്തൃ വിഹിതവുമായാണ് പദ്ധതി നടപ്പിലാക്കിയത്. മാർഗ്ഗ രേഖ പ്രകാരം സ്ഥല വിസ്തൃതി അനുസരിച്ച് ഒരു കുടുംബത്തിന് പരമാവധി നൽകാവുന്നത് 25 മൺചട്ടിയാണ്. എന്നാൽ പല ഗുണഭോക്താക്കൾക്കും 30 മുതൽ 40 വരെ മൺചട്ടി നൽകിയിട്ടുണ്ട്. മാർഗ്ഗ രേഖ പ്രകാരം നൽകാവുന്നതിലും കൂടുതൽ മൺചട്ടികൾ ഗുണഭേക്താക്കൾക്ക് നൽകുന്നത് അംഗീകരിക്കാവുന്നതല്ല. പദ്ധതി നടപ്പിലാക്കുമ്പോൾ ഇത്തരം അപാകത ഇല്ലാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-6 കുടിവെള്ള കണക്ഷൻ -ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കൂടാതെ KWA യ്ക്ക് തുക നൽകിയെങ്കിലും പൈപ്പ് ഇടുന്നത് ഏത് റോഡിൽ, ഏത് ഭാഗം മുതലാണെന്നോ, ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 139/2017-18 | കുടിവെള്ള കണക്ഷൻ ലൈൻ വലിക്കൽ | 79000 | 79000 | 22/17-18 28.10.2017 |
| 160/2017-18 | വിവിധ വാർഡുകളിൽ കുടിവെള്ള കണക്ഷൻ ലൈൻ വലിക്കൽ | 137674 | 50000 40000 26000 116000 | 45/17-18 06.03.2018 46/17-18 06.03.2018 47/17-18 06.03.2018 |

മേൽപ്പറഞ്ഞ കാരണങ്ങളാൽ പഞ്ചായത്തുകൾക്ക് ആവശ്യമായ മേഖലകളിൽ പൈപ്പ് ഇടുന്നതിന് വാട്ടർ അതോറിറ്റിക്ക് സാധിക്കാതെ വരുന്നതായി കാണുന്നുണ്ട്. ഇത്തരം അപാകത ഇല്ലാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നത് വരെ മേൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 വളർത്ത് നായ്ക്കൾക്ക് ലൈസൻസ് ടോക്കൺ-വിതരണം പൂർത്തിയായില്ല

പഞ്ചായത്ത് ഡയറക്ടറുടെ 19/4/17ലെ സി 8-42652/15ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ വളർത്തുനായ്ക്കൾക്ക് ലൈസൻസ് ടോക്കൺ (ബെൽറ്റ് ഘടിപ്പിച്ചത്)ഒന്നിന് 180/- രൂപ നിരക്കിൽ 100 എണ്ണം screenocraft കുനമ്മാവ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിലേക്ക് വൗച്ചർ നം-21700839 പ്രകാരം 18000/-രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മേൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെപ്പറയുന്നു.

1. ടോക്കൺ ബെൽറ്റിന്റെ വിതരണം വരാപ്പുഴ വെറ്റിനറി സർജനെ ഏൽപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തീയതി വരെ 31ടോക്കണുകൾ വിതരണം ചെയ്തിട്ടുണ്ട്. 69എണ്ണം ഇപ്പോഴും വിതരണം ചെയ്യപ്പെടാതെ അവശേഷിക്കുന്നു. ആയതിന്റെ കാരണം വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയുടെ (നം-6/24.10.18)മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.എന്നാൽ ലഭ്യമായ ബെൽറ്റുകൾ ഒറ്റ സ്പെസിഫിക്കേഷനിൽ മാത്രമുള്ളതാണെന്നും ആയത് വലിപ്പം കുറഞ്ഞ നായകൾക്ക് മാത്രം യോജിക്കുന്നവയാണെന്നും ആയതിനാലാണ് വിതരണം ചെയ്യപ്പെടാതിരിക്കുന്നതെന്നും വെറ്റിനറി വിഭാഗത്തിൽ അന്വേഷിച്ചതിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്. പഞ്ചായത്തിൽ നിന്നുള്ള ക്വൊട്ടേഷൻനോട്ടീസിലോ (നം-A1 7861/17,31.10.17) സപ്ലൈ ഓർഡറിലോ (നം-A1 7861/17, 27.11.17) ടോക്കണിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.
2. വെറ്റിനറി സർജൻ ഹാജരാക്കിയ വിതരണ ലിസ്റ്റ് പ്രകാരം 31 വ്യക്തികൾ ടോക്കൺ ബെൽറ്റ് കൈപ്പറ്റിയിട്ടുണ്ട്.ഇവരിൽ രണ്ട് പേർ (ജോസ് തോമസ് ലെന്തപ്പറമ്പിൽ, എം.കെ.പ്രകാശൻ കളത്തിപ്പറമ്പിൽ) മാത്രമേ പഞ്ചായത്തിൽ നിന്നും നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസ് എടുത്തിട്ടുള്ളൂ. ബാക്കി 29വ്യക്തികളും ലൈസൻസ് എടുക്കാത്തവരാണെന്ന് വ്യക്തമാവുന്നു. (Dog License Register പ്രകാരം 17-18 വർഷം 82 വ്യക്തികൾ നായ്ക്കളെ വളർത്തുവാനുള്ള ലൈസൻസ് എടുത്തിട്ടുണ്ട്)

1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം മേൽ വ്യക്തികൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നാളിതുവരെ ലൈസൻസില്ലാതെ നായ്ക്കളെ വളർത്തിയതിന് ചട്ടം 5 പ്രകാരമുള്ള പിഴ ഈടാക്കേണ്ടതുമാണ്. സാധനങ്ങൾ വാങ്ങുമ്പോൾ ആവശ്യകത മുൻനിർത്തി വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 (G.O.(P) 3/2013, 21.6.2013) ഖണ്ഡിക 7.34 പ്രകാരം ടെണ്ടർ നോട്ടീസിൽ സാധനങ്ങളുടെ വിവരണം,സ്പെസിഫിക്കേഷൻ,അളവ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്. പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ച് വാങ്ങലുകൾ ഭാവിയിൽ

നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 സബ് സിഡി മാർഗ്ഗരേഖ നിർദേശം പൂർണമായി പാലിച്ചില്ല

വരാപ്പുഴ ഗവ.യു.പി.എസ് ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.സി-എസ്.റ്റി വിദ്യാർത്ഥികൾക്ക് സൈക്കിൾ (11/18), എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (12/18) എന്നീ പദ്ധതികൾ നടപ്പാക്കിയപ്പോൾ 13ാം സബ് സിഡി മാർഗരേഖ {G.O (M.S) 80/17, 3.4.17} പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായി പാലിച്ചിട്ടില്ലായെന്ന് കാണുന്നു. മേൽ പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് ഇതേ ആനുകൂല്യം മുമ്പ് ലഭിച്ചിട്ടില്ലായെന്ന് പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാവേണ്ടിയിരുന്നു (മാർഗ്ഗരേഖ, ഖണ്ഡിക – 11.8.5, 11.8.6) ആനുകൂല്യം നൽകേണ്ടിയിരുന്നത്. എന്നാൽ അപ്രകാരമൊരു സാക്ഷ്യപത്രം ഇരു പ്രോജക്റ്റ് ഫയലിലും സൂക്ഷിച്ചിട്ടില്ല. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ആനുകൂല്യം നൽകുന്നത് ഒരേ വ്യക്തിക്ക് ഇരട്ടിപ്പായി ലഭിക്കുവാനും അർഹതയുള്ളവർക്ക് നഷ്ടപ്പെടുവാനും കാരണമാകുമെന്നതിനാൽ ഭാവിയിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പൂർണമായി പാലിച്ച് പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 കോൺക്രീറ്റിംഗ് സംരക്ഷണ ഭിത്തി നിർമ്മിച്ചത്-ആവശ്യകത വ്യക്തമല്ല

| | |
|---|---|
| പ്രവൃത്തി | കരിക്കാഴുരുത്ത് ലിങ്ക് റോഡ് |
| പ്രൊജക്റ്റ് | S 0061/18 |
| കൺവീനർ | ശ്രീ. കെ.വി.ജൂഡ് |
| എം ബുക്ക് | 43/16-17 |
| നല്കിയ തുക | 6,78,699/- (bill No. 20 / 22-01-18) |

സർക്കാർ ഉത്തരവ് 87/16 (Finance Dept- Inspection Wing – Technical) date 18-11-16 പ്രകാരം സംരക്ഷണ ഭിത്തി നിർമ്മിക്കുന്നത് സിമന്റ് ഉപയോഗിക്കാതെ DRM പണിയാണ് ചെയ്യേണ്ടത്. എന്നാൽ ഈ പ്രവൃത്തിയിൽ 80 മീറ്റർ നീളത്തിൽ 30 സെ.മീറ്റർ വീതിയിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചത് item No.11.4.2.1 പ്രകാരം കോൺക്രീറ്റിംഗ് (1:2.5:5) ഉപയോഗിച്ചാണ്. ഇതിന് 16.32m3 x 7350/m3 =1,19,952/- രൂപ നൽകിയിട്ടുണ്ട്. DRM പ്രകാരം സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് നൽകാവുന്ന നിരക്ക് (specification No. od184480/17-18 പ്രകാരം) 2544.70/m3 ആണ്. കോൺക്രീറ്റിംഗ് ഉപയോഗിച്ച് സംരക്ഷണ ഭിത്തി നിർമ്മിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-10 മെറ്റീരിയൽസിന് നിരക്ക് അധികം നൽകിയത്. സംബന്ധിച്ച്

ജി.ഒ(പി)നം.96/2016 തീയതി 15.07.2016 പ്രകാരം 01.02.2016 മുതൽ മരാമത്ത് പ്രവൃത്തിയിലെ മെറ്റീരിയൽസിന്റെ വിലയിൽ കുറവ് വരുത്തുകയും ലേബർ ഇനത്തിൽ വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ കുറവ് 'price' പ്രകാരമുള്ള ഡാറ്റയിൽ ഉൾപ്പെടുത്തിയത് 01-10-2017 മുതലാണ്. ഇത് കാരണം മരാമത്ത് പ്രവൃത്തികൾ ചെയ്തതിൽ പഞ്ചായത്തിന് ഈ കാലയളവിൽ അധികം നഷ്ടം വന്നിട്ടുണ്ട്.

ചില ഇനങ്ങളുടെ വില താഴെ കൊടുക്കുന്നു.

| Code No. MORD | DSR code | ഇനം | നൽകിയ നിരക്ക് | നൽകാവുന്ന നിരക്ക് |
|---|---|---|---|---|
| M-081 | 0367 | cement | 6394.65/Tone | 5792.24/tone |

| | | | | |
|---|---|---|---|---|
| M-371 | 1005 | Steel reinforcement (TMT bars) | 47684.65/Tone | 37392024/Tone |
| M-379 | | Interlocking 80mm thickness | 370 | 466.65 |

ഈ ഇനങ്ങളുടെ cost index (44.76), CPOH (20%) എന്നിവ ഉൾപ്പടെയാണ് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ നിരക്ക് സംബന്ധിച്ച മാറ്റങ്ങൾ വരുന്നത് LSGD Chief Engineer-റുടെ നിർദ്ദേശ പ്രകാരം നാഷണൽ ഇൻഫോമാറ്റിക് സെന്റർ (NIC) ആണെന്നാണ്. ഈ അപാകത ഭരണവകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-11 പശു വിതരണം പദ്ധതി-അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0041/17-18 |
| പ്രോജക്ടിന്റെ പേര് | പശു വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| അടങ്കൽ | 750000 |
| ചെലവ് വിവരം | 250000/-രൂപ (ബിൽ നമ്പർ 06 തീയതി.18.01.18)<br><br>125000/-രൂപ (ബിൽ നമ്പർ - 07 തീയതി.18.01.18)<br><br>375000 ഗുണഭോക്തൃ വിഹിതം<br><br>750000 |

വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തെ വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പശു വിതരണം പദ്ധതിയിൽ 15 പശുക്കളെ ഗുണഭോക്താക്കൾക്ക് നൽകിയിരുന്നു. പ്ലാൻ ഫണ്ടിൽ നിന്നും ഒരു ഗുണഭോക്താവിന് 50% വരെ അതായത് 25000\- രൂപ വരെ സബ്സിഡിയായി നൽകി. 12 ലിറ്റർ പാൽ ലഭിക്കുന്ന പശുവിനെ വാങ്ങുന്നതിനാണ് 25.10.2017 ൽ പർച്ചേസ് കമ്മറ്റി തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കൾക്ക് നൽകിയ പശുക്കളുടെ വില പശു ഒന്നിന് 50000/- രൂപ എന്ന് തീരുമാനിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്. 12 ലിറ്റർ പാൽ ലഭിക്കുന്ന പശുവാണ് എന്നതിന് യാതൊരു തെളിവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വെറ്റിനറി സർജ്ജന്റെ സാക്ഷ്യപ്പെടുത്തലോ എതെങ്കിലും ക്ഷീര സംഘങ്ങളിൽ പാൽ അളന്നതിനുള്ള തെളിവുകളോ ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഭാവിയിൽ ഇത്തരം അപാകത ഇല്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-12 മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകത

പഞ്ചായത്ത് തനത് വർഷം 2.71 കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് റോഡ് മെയിന്റനൻസ് ചെയ്യുന്നതിനാണ്. ഭൂരിപക്ഷം പ്രവൃത്തികളും

റോഡ് ടാറിംഗ്, റോഡിൽ കട്ട വിരിക്കൽ എന്നിവയാണ്. റോഡുകളുടെ ആകെ നീളമോ, കട്ട വിരിക്കുന്ന ഭാഗത്തിന്റെ ചെയിനേജോ, എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എംബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. സാധാരണ റോഡുകൾ മുഴുവൻ മെയിന്റനൻസ് ചെയ്യാതെ റോഡിന്റെ ചെറിയ ഭാഗം മാത്രമാണ് മെയിന്റനൻസ് ചെയുന്നത്. പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ സ്ഥലം നേരിൽ പോയി പ്രവൃത്തി ചെയ്തത് പരിശോധിക്കാനും സാധ്യമല്ല. മാത്രമല്ല പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണ്‌റ്ററിംഗ് റിപ്പോർട്ടും ഒരു ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ എന്ന പോലും അറിയില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയുന്നു. ഓരോ വർഷവും പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 5600000 | ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം | 0 | 5600000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായവും ബത്തയും | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 756506 | പൊക്കാളികൃഷി വികസനം | 756506 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാലിയേറ്റിവ് കെയർ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം | 0 | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 210000 | ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായവും ബത്തയും | 210000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | ഷെഡ്ഡുപടി മീന്തോട് ലിങ്ക് റോഡിലും ഷെഡ്ഡുപടി അറയ്ക്കൽ ലിങ്ക് റോഡിലും ടൈൽ വിരിക്കലും | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| | | | കാന നിർമ്മാണവും | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 35000 | ക്ഷീര വികസനം-പാലിന് സബ്സിഡി | 35000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ബിൽ നമ്പർ/ തീയതി | നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| KSEB | സ്ലീറ്റ് ലൈൻ വലിക്കൽ (ward 9, 11) | 21/17-18 30.10.17 | 52000 | 52000 | പൂർത്തീകരിച്ച |
| KWA | കുടിവെള്ള കണക്ഷൻ ലൈൻ വലിക്കൽ | 22/17-18 28.10.17 | 79000 | 79000 | പൂർത്തീകരിച്ചില്ല |
| KWA | കുടിവെള്ള കണക്ഷൻ ലൈൻ വലിക്കൽ | 45/17-18 06.03.18 | 116000 | 116000 | പൂർത്തീകരിച്ചില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 60,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 60,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ---- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 60,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | രസീത് നം. | തുക |
|---|---|---|
| വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ്-നം.1582 | 1101057848 തീ.10.07.2017 | 1500000 |
| വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് | 1101057847 തീ.10.07.2017 | 1500000 |

| | | |
|---|---|---|
| ലിമിറ്റഡ്-നം.1582 | | |
| വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ്-നം.1582 | 1101058121 തീ.25.07.2017 | 1500000 |
| വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ്-നം.1582 | 1101058106 തീ.25.07.2017 | 1500000 |
| ആകെ | | 6000000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 7900/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ /സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2016-17 | 3-4 | 1000 | നമിത നായിക്ക്, വെറ്റിനറി സർജൻ | 117030106816/ 06.01.18 |
| 2013-14 | 3-1 | 450 | റാഫേൽ.ടി.എ, കോൺട്രാക്ടർ | 117030101938/ 14.07.17 |
| 2013-14 | 3-1 | 450 | റാഫേൽ.ടി.എ, കോൺട്രാക്ടർ | 117030101939/ 14.07.17 |
| 2014-15 | 3-1 | 6000 | നാരായണൻ | 1170301001114/ 07.04.17 |
| ആകെ | | 7900 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2009-10 & 2010-11 | 2011-12 | 3.2.6.3 | റോഡ് നിർമ്മാണം - സംരക്ഷണ പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.7 | ആസ്തി രജിസ്റ്ററുകളുടെ പരിപാലനം | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.9 | കണക്റ്റിവിറ്റി പ്ലാൻ | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന |

| | | | | |
|---|---|---|---|---|
| | | | | നടത്തി നിയമസഭാ സമിതിക്ക മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.10 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ല | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്ക മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.13 | കരാർ പ്രവൃത്തികളിലെ ഗുണഭോക്തൃ കമ്മിറ്റിയുടെ മോണിറ്ററിംഗ് നടത്തിയില്ല | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്ക മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.15 | ഡ്രെയിനേജ് സംവിധാനം | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്ക മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.18 | ടെണ്ടർ നടപടികളിലെ ക്രമക്കേട് | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്ക മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,97,16,938 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,07,72,498 |
| വരവിനങ്ങളിലുള്ള നഷ്ടം | 19716 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 123445 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | നഷ്ടമായ തുക | | |
|---|---|---|---|
| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും |

| | | | |
|---|---|---|---|
| | | | ഉദ്യോഗപ്പേരും |
| 2-1 | 19716 | - | ശ്രീമതി. മഞ്ജുള.ആർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 7445 | ശ്രീമതി. മഞ്ജുള.ആർ സെക്രട്ടറി |
| 3-6 | 116000 | ശ്രീമതി. മഞ്ജുള.ആർ സെക്രട്ടറി |
| ആകെ | 123445 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മഞ്ജുള.ആർ സെക്രട്ടറി | സെക്രട്ടറി വരാപ്പുഴ ഗ്രാമപഞ്ചായത്ത് | സായികൃപ പി.ടി.ആന്റണി റോഡ് പാലാരിവട്ടം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1999-2000 | എൽ.എഫ്.ഇ(പി 5)1118/02 / 17.12.2002 | |
| 2007-08 | എൽ.എഫ്.ഇ(പി 6)1090/09 / 09.02.2010 | |
| 2008-09 | എൽ.എഫ്.ഇ(പി 6) 470/11 / 26.09.2011 | |
| 2009-10 | എൽ.എഫ്.ഇ(പി 6) 66/12 / 07.02.2012 | |
| 2010-11 | എൽ.എഫ്.ഇ(പി 6) 68/12 / 07.02.2012 | |
| 2011-12 | എൽ.എഫ്.ഇ(പി 6)2239/13 / 20.01.2014 | |
| 2012-13 | എൽ.എഫ്.ഇ(പി 6)1767/14 / 13.11.2014 | |
| 2013-14 | കെ.എസ്.എ-ഇ.കെ.എം(പി 11)1783/15 / 25.11.2015 | |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി 11)884/16, 06.06.2016 | |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി 13)1922/16, 05.11.2016 | |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി 13)1593/17, 21.10.2017 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ